കൃഷി വിജ്ഞാനകേന്ദ്രങ്ങൾ

*21 [225] ശ്രീ. എൻ. രാജൻ:
,, കെ. പി. രാജേന്ദ്രൻ:
,, പി. എസ്. സുപാൽ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വിജ്ഞാനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണം എവിടെയെല്ലാമെന്ന് അറിയിക്കുമോ;

(ബി) ഈ കേന്ദ്രങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(സി) ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരിയമ്മ):

(എ) ഉണ്ട്. സംസ്ഥാനത്ത് 14 കൃഷി വിജ്ഞാനകേന്ദ്രങ്ങൾ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. (ലിസ്റ്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു.)†

(ബി) കൃഷി വിജ്ഞാനകേന്ദ്രങ്ങളുടെ പ്രധാന പ്രവർത്തന ലക്ഷ്യങ്ങൾ താഴെപ്പറയും പ്രകാരമാണ്:

1. നിലവിലുള്ള കൃഷിരീതികളുടെ വെളിച്ചത്തിൽ കൃഷിയിടങ്ങളിൽ പരീക്ഷണം നടത്തി പരീക്ഷണം, സംസ്കരണം, സാങ്കേതികവിദ്യാ കൈമാറ്റം എന്നിവ നടത്തുക.

2. കാർഷികോൽപ്പാദനത്തിന്റെ വിവിധ സംരംഭങ്ങളിൽ ഹ്രസ്വകാല-ദീർഘകാല പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുകയും നടത്തുകയും ചെയ്യുക.

3. വിജ്ഞാന വ്യാപനരംഗത്തെ ഉദ്യോഗസ്ഥൻമാർക്കുവേണ്ടി സമയോചിതവും ആവശ്യാധിഷ്ഠിതവുമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

4. വിവിധ കാർഷിക സംരംഭങ്ങളിൽ ഉൽപ്പാദനം, സംസ്കരണം, മൂല്യവർദ്ധനം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ സംഘടിപ്പിക്കുക.

5. ആസൂത്രണത്തിന് അടിസ്ഥാനമായ പ്രകൃതി-മാനവ വിഭവ സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുകയും ജില്ലാ തലത്തിൽ നിലവിലിരിക്കുന്ന വിവിധ കൃഷി രീതികൾ തിരിച്ചറിയുകയും ചെയ്യുക.

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. വിജ്ഞാന-വ്യാപന വിഭാഗവും കർഷകരും തമ്മിൽ ഒരു സജീവ കണ്ണിയായി വർത്തിച്ച് ഗവേഷണരംഗത്തും നിർണ്ണായകമായ വിവരങ്ങൾ നൽകുക.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

കന്നുകാലി സമ്പത്ത്

*22 [226] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കന്നുകാലി സമ്പത്തിനെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കന്നുകാലി സമ്പത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) അടുത്ത മൂന്ന് വർഷത്തിനുള്ളിൽ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ ഓരോ ജില്ലയുടേയും കന്നുകാലി സമ്പത്തിന്റെ സംരക്ഷണം ലക്ഷ്യമിട്ട് എന്തെങ്കിലും പുതിയ പദ്ധതി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരിയമ്മ): (എ) ഉണ്ട്. 2003 ഒക്ടോബർ മാസം നടത്തിയ പതിനേഴാമത് കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്തെ കന്നുകാലി സമ്പത്തിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

(ബി) പതിനാറാമത് കന്നുകാലി സെൻസസിലെ കണക്കിൽ നിന്നും പതിനേഴാമത് കന്നുകാലി സെൻസസിൽ കന്നുകാലികളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ട്. വർദ്ധിച്ചുവരുന്ന തീറ്റച്ചെലവ്, സംരക്ഷണച്ചെലവ് തുടങ്ങിയവ താങ്ങാനാവാതെ ക്ഷീരകർഷകർ കന്നുകാലി വളർത്തൽ ഉപേക്ഷിച്ചിട്ടുണ്ട്. 2002-2003-ൽ ഉണ്ടായ കുളമ്പുരോഗത്തെക്കുറിച്ചുള്ള ഭീതിയും, മെച്ചപ്പെട്ട തീറ്റപ്പുല്ലിന്റെ ദൗർലഭ്യവും കാലി വളർത്തലിൽ കുറവു വരാൻ കാരണമായിട്ടുണ്ട്.

(സി) കൃത്രിമ ബീജോൽപ്പാദനത്തിലൂടെ മെച്ചപ്പെട്ട കന്നുകാലി സമ്പത്ത് വികസിപ്പിക്കാനും കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിലൂടെ കർഷകർക്ക് ആശ്വാസം നൽകാനും ഉദ്ദേശിക്കുന്നു. കന്നുകാലികൾക്ക് ഉണ്ടാകാവുന്ന സാംക്രമിക രോഗങ്ങളെ പ്രതിരോധ കുത്തിവയ്പിലൂടെ നിയന്ത്രിച്ച് കേരളത്തെ കന്നുകാലി രോഗവിമുക്ത മേഖലയാക്കാനും മൃഗചികിൽസയ്ക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാനും കുറഞ്ഞ വിലയ്ക്ക് പോഷകമൂല്യമുള്ള കാലിത്തീറ്റ ലഭ്യമാക്കാനും കന്നുകാലികളുടെ ശാസ്ത്രീയമായ പരിചരണത്തിൽ കർഷകർക്ക് അവബോധം സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly